LIBRARY ARCHIVES Kerala Legislative Assembly

<u>ഉത്തരം</u>

(എ) ഗ്രാമപഞ്ചായത്തുകളിൽ നടത്തി വരുന്ന പെർഫോമൻസ് ഓഡിറ്റ് മുഖ്യമായും ലക്ഷ്യമിടുന്നത്, പദ്ധതി നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലും പഞ്ചായത്തിന്റെ വിവിധ ചുമതലകൾ ശരിയായ വിധത്തിൽ നിർവ്വഹിക്കുന്നതിലും ജനപ്രതിനിധികൾക്കും, ഉദ്യോഗസ്ഥർക്കും മാർഗ്ഗനിർദ്ദേശം നല്കുക എന്നതാണ്. ഇത് ഒരു തെറ്റ് തിരുത്തൽ പ്രക്രിയയും പഞ്ചായത്തിന്റെ പ്രവർത്തനങ്ങളുടെ കാലികവും തുടർച്ചയായുള്ളതുമായ വിലയിരുത്തലിന് സഹായിക്കുന്ന സംവിധാനവുമാണ്. പെർഫോമൻസ് ഓഡിറ്റിൽ കണ്ടെത്തുന്ന വിവിധ ന്യൂനതകൾ അപ്പപ്പോൾത്തന്നെ പരിഹരിക്കുന്നതിനുള്ള നിർദ്ദേശം നല്കുകയും, അവയ്ക്ക് പരിഹാരം ഉണ്ടായോ എന്ന് തൊട്ടടുത്ത ഓഡിറ്റിൽ പരിശോധിക്കുകയും ചെയ്യുന്നു. പദ്ധതി നടത്തിപ്പിന്റെ നടപടിക്രമങ്ങളിലുണ്ടാകുന്ന വീഴ്ചകൾ/പദ്ധതി നിർവ്വഹണത്തിലുണ്ടാകുന്ന പോരായ്മ/ കാലതാമസം/പാഴ്ചെലവ്/പദ്ധതി ഉപേക്ഷിക്കൽ തുടങ്ങിയവ റിപ്പോർട്ട് ചെയ്യപ്പെടുകയും പരിഹാരം നിർദ്ദേശിക്കുകയും ചെയ്യുന്നുണ്ട്.

(ബി) ജനപ്രതിനിധി/ഉദ്യോഗസ്ഥ തലങ്ങളിലുണ്ടാകുന്ന പാളിച്ചകൾക്ക് പരമാവധി വേഗത്തിൽ പരിഹാരം കണ്ടെത്തുന്നതിനാണ് പെർഫോമൻസ് ഓഡിറ്റ് പ്രാധാന്യം നല്കുന്നത്. എന്നാൽ സാമ്പത്തിക തിരിമറികളുൾപ്പെടെയുള്ള ഗുരുതരമായ ക്രമക്കേടുകളിൽ ബാധ്യത നിശ്ചയിച്ച് തിരിച്ച് പിടിക്കുകയും ബന്ധപ്പെട്ടവർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള ക്ഷേമ പെൻഷനുകൾ

**271 (1644)** <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി ഏതെല്ലാം ക്ഷേമ പെൻഷനുകളാണ് വിതരണം ചെയ്തുവരുന്നത് ; ഓരോ വിഭാഗത്തിനും അനുവദിച്ചിട്ടുള്ള തുക എത്ര വീതമാണ് ; ഈ സർക്കാർ അധികാരമേറ്റശേഷം ഏതെങ്കിലും ക്ഷേമ പെൻഷന്റെ തുക വർദ്ധിപ്പിച്ചിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ പദ്ധതികൾക്കായി എത്ര തുക വീതമാണ് വർദ്ധിപ്പിച്ചത് ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം ക്ഷേമ പെൻഷനുകൾ കൊടുക്കുന്നതിൽ കുടിശ്ശിക വന്നിട്ടുണ്ടോ ; എങ്കിൽ കാരണം വിശദമാക്കാമോ ; ഓരോ പെൻഷനിലും എത്ര മാസത്തെ കുടിശ്ശികയാണ് വരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പെൻഷൻ കടിശ്ശിക കൊടുത്തുതീർക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ ;

(ഡി) കഴിഞ്ഞ സാമ്പത്തികവർഷം ഓരോ പെൻഷനും നീക്കിവച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ഇ) നിലവിൽ ഓരോ പെൻഷനിലും എത്ര മാസത്തെ കടിശ്ശിക വീതമാണുള്ളതെന്ന് ഇനം തിരിച്ച് വിശദമാക്കാമോ ; ഇത് കൊടുത്തുതീർക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; എന്നത്തേക്ക് കടിശ്ശിക പൂർണ്ണമായി കൊടുത്തു തീർക്കാൻ കഴിയും ;

(എഫ്) നടപ്പു സാമ്പത്തിക വർഷം ഓരോ പെൻഷനും വേണ്ടി എത്ര തുകയാണ് നീക്കിവയ്ക്കാൻ പോകുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ, 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ എന്നീ 5 ഇനം പെൻഷനുകളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി വിതരണം ചെയ്തു വരുന്നത്. ഓരോ വിഭാഗത്തിനും അനുവദിച്ചിട്ടുള്ള തുക ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | ക്ഷേമപെൻഷനുകൾ | അനുവദിച്ചിട്ടുള്ള തുക |
|---|---|---|
| 1 | വാർദ്ധക്യകാല പെൻഷൻ (80 വയസ്സിന് മുകളിൽ പ്രായമുള്ളവർ) | 1200.00 |
| | (80 വയസ്സിന് താഴെ പ്രായമുള്ളവർ) | 600.00 |
| 2 | വികലാംഗ പെൻഷൻ (80%ത്തിന് താഴെ വൈകല്യമുള്ളവർ) | 800.00 |
| | (80% ത്തിന് മുകളിൽ വൈകല്യമുള്ളവർ) | 1100 |
| 3 | വിധവാ പെൻഷൻ | 800.00 |
| 4 | കർഷകതൊഴിലാളി പെൻഷൻ | 600.00 |
| 5 | 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 800.00 |

ഈ സർക്കാർ അധികാരമേറ്റശേഷം പെൻഷൻ തുക പല ഘട്ടങ്ങളിലായി 4 പ്രാവശ്യം വർദ്ധിപ്പിച്ചിട്ടുണ്ട് അവ സംബന്ധിച്ച വിവരം അനുബന്ധം ആയി ചേർത്തിട്ടുണ്ട്.*

(ബി) ഉണ്ട്. കടിശ്ശിക കൊടുത്ത് തീർക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കടിശ്ശിക സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | ക്ഷേമപെൻഷനുകൾ | കടിശ്ശിക |
|---|---|---|
| 1 | വാർദ്ധക്യകാല പെൻഷൻ | സെപ്റ്റംബർ 2014 മുതൽ (8 മാസം) |
| 2 | വികലാംഗ പെൻഷൻ | സെപ്റ്റംബർ 2014 മുതൽ (8 മാസം) |
| 3 | വിധവാ പെൻഷൻ | സെപ്റ്റംബർ 2014 മുതൽ (8 മാസം) |
| 4 | 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | സെപ്റ്റംബർ 2014 മുതൽ (8 മാസം) |
| 5 | കർഷകത്തൊഴിലാളി പെൻഷൻ | ജൂലൈ 2014 മുതൽ (10 മാസം) |

(സി) പെൻഷൻ കടിശ്ശിക അടിയന്തരമായി വിതരണം ചെയ്ത് തീർക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് നഗരകാര്യ ഡയറക്ടർക്കും പഞ്ചായത്ത് ഡയറക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) വിവരം ശേഖരിച്ചു വരുന്നു.

(ഇ)

| ക്രമ നം. | ക്ഷേമപെൻഷനുകൾ | കടിശ്ശിക |
|---|---|---|
| 1 | വാർദ്ധക്യകാല പെൻഷൻ | 8 മാസം |
| 2 | വികലാംഗ പെൻഷൻ | 8 ,, |
| 3 | വിധവാ പെൻഷൻ | 8 ,, |
| 4 | 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 8 ,, |
| 5 | കർഷകതൊഴിലാളി പെൻഷൻ | 10 ,, |

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കുടിശ്ശിക തീർക്കാനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കാൻ നഗരകാര്യ ഡയറക്ടർക്കും പഞ്ചായത്ത് ഡയറക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(എഫ്) വിവരം ശേഖരിച്ചു വരുന്നു.

**കുടുംബശ്രീ നടത്തിപ്പിന് നിയോഗിക്കപ്പെട്ടിട്ടുള്ള അക്കൗണ്ടന്റുമാരുടെ വേതനം**

**272 (1645)** <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കുടുംബശ്രീയുടെ നടത്തിപ്പിന് നിയോഗിക്കപ്പെട്ടിട്ടുള്ള അക്കൗണ്ടന്റുമാരുടെ വേതനം നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ എത്രയെന്നു വ്യക്തമാക്കാമോ ;

(ബി) ഇവരുടെ വേതനം എപ്പോഴെങ്കിലും പുതുക്കി നൽകിയിട്ടുണ്ടോ ; എങ്കിൽ ഏതു വർഷമാണെന്ന് വ്യക്തമാക്കാമോ ;

(സി) വർഷങ്ങളായി സേവനം അനുഷ്ഠിച്ചുവരുന്ന ഇവരുടെ വേതനം ഉയർത്തണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള സി.ഡി.എസ്. അക്കൗണ്ടന്റുമാരുടെ മാസ ശമ്പളം 6000 രൂപ എന്ന നിരക്കിലാണ് നിശ്ചയിച്ചിട്ടുള്ളത്.

(ബി) ഉണ്ട്. 2013-ലാണ് കുടുംബശ്രീ സി.ഡി.എസ്. അക്കൗണ്ടന്റുമാരുടെ മാസ ശമ്പളം 5,000 രൂപയിൽനിന്നും 6,000 രൂപയായി വർദ്ധിപ്പിച്ച് നൽകിയത്.

(സി) ഉണ്ട്.

(ഡി) അക്കൗണ്ടന്റുമാരുടെ മാസ ശമ്പളം 8,000 രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം**

**273 (1646)** <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

2014-15 വർഷത്തേയ്ക്കുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ ഇതുവരെ എത്ര ശതമാനം തുക ചെലവഴിച്ചു ; വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly